**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3807** **09-10-2025 - ൽ മറുപടിയ്ക്ക്**

**ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിൽ കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | (എ) | ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിൽ കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ യൂണിവേഴ്സിറ്റിയുടെ പ്ലാനിംഗ് & വർക്ക്സ് സ്ഥിരം സമിതി അംഗീകരിച്ചിട്ടുണ്ട്. അത് പ്രകാരം കെട്ടിടം പണിയുന്നതിനായി 10 കോടി രൂപയുടെ ഒരു പ്രൊപോസൽ തയ്യാറാക്കിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ടി മണ്ണ് പരിശോധനക്കായുള്ള നടപടികൾ സർവകലാശാല തലത്തിൽ പുരോഗമിച്ചുവരുന്നു. |
| (ബി) | കെട്ടിടം പണിയുന്നതിനായി വിശദമായ പദ്ധതി അടങ്കൽ സർവകലാശാല തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | കെട്ടിടം പണിയുന്നതിനായി വിശദമായ പദ്ധതി അടങ്കൽ സർവകലാശാല തയ്യാറാക്കുന്നതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല. മണ്ണ് പരിശോധനയും, സ്ട്രക്ച്ചറൽ ഡിസൈനും പൂർത്തിയാകുന്ന മുറയ്ക്ക് വിശദമായ പദ്ധതി അടങ്കൽ സർവകലാശാല തയ്യാറാക്കുന്നതാണ്. |
| (സി) | പുതിയ കെട്ടിടത്തിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളും ആയതിനായി എത്ര തുകയ്ക്കുള്ള എസ്റ്റിമേറ്റിനാണ് സർവകലാശാല അംഗീകാരം നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (സി) | വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് മുന്നോടിയായുള്ള നടപടികൾ പുരോഗമിക്കുകയാണ്. നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ 1350 ചതുരശ്ര മീറ്ററിൽ ഉള്ള രണ്ടു നിലകളിലായി 12 ക്ലാസ് റൂമുകൾ, 2 സ്റ്റാഫ് റൂമുകൾ, മൾട്ടി പർപ്പസ് ഹാൾ, ആക്ടിവിറ്റി/റിസോഴ്സ് സെന്റർ, ലൈബ്രറി, ഹെൽത്ത്/ ഫിസിക്കൽ എഡ്യൂക്കേഷൻ ലാബ് , സെമിനാർ റൂം, ലാബുകൾ, പ്രിൻസിപ്പാലിനായുള്ള മുറി, ഓഫീസ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഭിന്നശേഷിക്കാർക്കുമായുള്ള വെവ്വേറെ ശൗചാലയങ്ങൾ, ലിഫ്റ്റ് വെൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | കെട്ടിടനിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | എസ്റ്റിമേറ്റിന് അംഗീകാരം കിട്ടി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമാണം ആരംഭിക്കുന്നതാണ് എന്ന് സർവകലാശാല അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ